## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 874 05.03.2018 - ൽ മറുപടിക്ക്**

# റോഡുകളിലെ അപകട സാധ്യത കുറയ്ക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ്. പി :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ ദേശീയ പാതകളിലും മറ്റ് റോഡുകളിലും അപകട സാധ്യത കൂടിയ മേഖലകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ ദേശീയ പാതകളിലും മറ്റ് റോഡുകളിലും അപകട സാധ്യത കൂടിയ മേഖലകൾ (ബ്ലാക്ക് സ്പോട്ടുകൾ) സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ കേരള പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ കൂട്ടായ ശ്രമത്തിൽ കേരളത്തിൽ നിലവിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ചിട്ടുണ്ട്. കൂടാതെ വർഷം തോറും റോഡ് സുരക്ഷാ കർമ്മ പദ്ധതി പ്രകാരം വിവരശേഖരണം നടത്തുന്നുമുണ്ട്.<br><br>ദേശീയ ഹൈവേ - 159 എണ്ണം.<br>സ്റ്റേറ്റ് ഹൈവേ, എം. ഡി. ആർ, ഒ. ഡി. ആർ. മുതലായവ - 116 എണ്ണം. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം അപകട മേഖലകളിലെ റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | തെറ്റായ അലൈൻമെന്റ് കാരണമുള്ള അപകട സാധ്യത കുറയ്ക്കാൻ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നു. ആയതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമ്പോൾ തന്നെ അതിന്റെ സുഗമമായ നടത്തിപ്പിനു ഭീമമായ ചെലവ് വേണ്ടി വരുന്നു എന്നതിനാൽ അത് നടപ്പിലാക്കാൻ പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവില ലഭ്യമാക്കുക, റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുക എന്നിവയിലൂടെ മാത്രമേ അപകട മേഖലയിലെ റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (സി) | റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള അപകട മേഖലകളിൽ അപകടം കുറയ്ക്കുന്നതിന് മറ്റെന്തെങ്കിലും പ്രായോഗിക മാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | റോഡ് അലൈൻമെന്റുകൾ പരിഷ്കരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പ്രസ്തുത റോഡിന് നിശ്ചയിച്ചിട്ടുള്ള വേഗതയെക്കാൾ ഉയർന്ന വേഗത്തിൽ വാഹനങ്ങൾ സഞ്ചരിച്ച് അപകടം ഉണ്ടാകുന്നു. ആകയാൽ വേഗത നിയന്ത്രിക്കാൻ ഹമ്പുകൾ / റമ്പിൾ സ്ട്രിപ്പുകൾ, വേഗത നിയന്ത്രണ ബോർഡുകൾ എന്നിവ സ്ഥാപിച്ച് അപകടങ്ങൾ കുറയ്ക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ റോഡ് വികസനത്തിൽ സുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള വികസന രീതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | സംസ്ഥാനത്തെ റോഡ് വികസനത്തിൽ സുരക്ഷയ്ക്ക് മുൻഗണന നൽകി കൊണ്ട് ഇപ്പോൾ തയ്യാറാക്കുന്ന റോഡ് പദ്ധതികളിൽ വേണ്ട റോഡ് |

സുരക്ഷാ സംവിധാനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. കൂടാതെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകൾ യോജിച്ച് റോഡ് സുരക്ഷാ നടപടികൾ കൈക്കൊണ്ടുവരുന്നു.

**സെക്ഷൻ ഓഫീസർ**